പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 966 — 14/06/2012 ൽ മറുപടിയ്ക്ക്

## പാഠപുസ്തക വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എ. വാഹിദ് :<br>ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. വി.ഡി. സതീശൻ :<br>ശ്രീ. ലൂഡി ലൂയിസ് : | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സ്കൂളുകളിൽ പാഠപുസ്തക വിതരണത്തിന് എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) പാഠപുസ്തകങ്ങളുടെ അച്ചടി വളരെ നേരത്തെ തുടങ്ങി പൂർത്തീകരിക്കുകയും, ഫെബ്രുവരി മാസത്തിൽ തന്നെ പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് വഴി വിതരണം ആരംഭിക്കുകയും ചെയ്തു. ഇതോടൊപ്പം പഴയ വിതരണ സംവിധാനം കാലാനുസൃതമായി പരിഷ്കരിച്ച് നവീനവും, സുതാര്യവും കാര്യമാത്ര പ്രസക്തവുമായ ഒരു രീതിയാണ് ഇത്തവണ സ്വീകരിച്ചത്. അതിനായി നൂതനമായ വിവര സാങ്കേതിക വിദ്യകൾ അവലംബിക്കുകയും മുൻവർഷം ഓൺലൈൻ ഇൻഡന്റിങ്ങിൽ ഉണ്ടായ പോരായ്മകൾ പരിഹരിച്ച് ലളിതമായ രീതിയിൽ ഓൺലൈൻ ഇൻഡന്റ് ചെയ്യുവാനുള്ള സംവിധാനം രൂപകല്പന ചെയ്ത് നടപ്പാക്കുകയാണ് ഈ വർഷം ചെയ്തത്. ഇതിനായി പുസ്തകങ്ങൾ ഹബ്ബുകളിൽ ഇനം തിരിച്ച് കൃത്യമായ എണ്ണം, കൊണ്ടു പോകുന്ന വാഹനത്തിന്റെ വിവരങ്ങൾ എന്നിവ നൽകിയാൽ മാത്രം ഡെലിവറി ചെല്ലാൻ ലഭിക്കുന്ന തരത്തിൽ രൂപകല്പന ചെയ്ത് KBPS ലെ ലോജിസ്റ്റിക് മാനേജ്മെന്റ് സിസ്റ്റം എന്ന സോഫ്റ്റ്വെയർ ഉപയോഗിച്ചാണ് വിതരണം നടത്തിയത്. വിതരണ വിവരങ്ങൾ തത്സമയം ലഭ്യമാക്കുവാൻ ഈ സോഫ്റ്റ്വെയർ ഉപകരിക്കുന്നതിനാൽ ഏത് സ്കൂൾ സൊസൈറ്റികളിൽ വിതരണത്തിൽ കാലതാമസം വന്നാലും ഉടനടി പരിഹരിക്കുവാൻ സാധിക്കുന്നത് കൊണ്ട് വിതരണം പൂർണ്ണമായി സമയബന്ധിതമായി പൂർത്തിയാക്കുവാൻ സാധിച്ചു. |

| | |
|---|---|
| ബി) ഈ അദ്ധ്യായന വർഷത്തേയ്ക്കുള്ള പാഠപുസ്തകങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| സി) പാഠപുസ്തക വിതരണം എന്ന് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ ; | സി) പാഠപുസ്തക വിതരണം സ്കൂൾ തുറക്കുന്നതിന് മുമ്പായി തന്നെ പൂർത്തിയാക്കിയിട്ടുണ്ട്. |
| ഡി) ഏതെല്ലാം വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് സൗജന്യമായി പാഠപുസ്തകം വിതരണം ചെയ്യുന്നത് ? | (ഡി) ഗവൺമെന്റ്/ എയിഡഡ് സ്കൂളുകളിലെ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും സൗജന്യമായാണ് പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ